LIBRARY ARCHIVES Kerala Legislative Assembly

**പീരുമേട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന് അനുവദിച്ച ലാപ്ടോപ്പുകൾ**

**222(5025)** ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന് 21-1-2014-ൽ 5 ലാപ് ടോപ്പുകൾ അടിയന്തരമായി നല്കുവാൻ വകുപ്പുമന്ത്രി ഉത്തരവ് നല്കിയത് പ്രകാരം പ്രസ്തുത സ്കൂളിന് ലാപ് ടോപ്പ് നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതിയിലാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ ഉത്തരവ് നടപ്പാക്കിയില്ലെങ്കിൽ ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ ശിക്ഷാനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂളിനായി 40 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 13,50,970 രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**തൊഴിൽ തേടി വിദേശത്തുപോകുന്ന പട്ടികജാതിക്കാർക്ക് ധനസഹായം**

**223 (5026)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽതേടി വിദേശത്തുപോകുവാൻ ആഗ്രഹിക്കുന്ന പട്ടികജാതിക്കാർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ ; എങ്കിൽ എത്ര രൂപവരെ ധനസഹായമായി അനുവദിയ്ക്കുന്നുണ്ട് ;

(ബി) പ്രസ്തുത ധനസഹായത്തിന്റെ മാനദണ്ഡങ്ങളും തിരിച്ചടവും എപ്രകാരമാണെന്നും ഏത് ഏജൻസിയാണ് സഹായം അനുവദിയ്ക്കുന്നതെന്നും വ്യക്തമാക്കുമോ ;